## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4762** | **19-03-2025 - ൽ മറുപടിയ്ക്ക്**

## മത്സ്യ ലഭ്യത ഉറപ്പ് വരുത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കാലാവസ്ഥാ വ്യതിയാനങ്ങളുടെയും മറ്റും ഭാഗമായി കടൽ മത്സ്യസമ്പത്ത് കുറഞ്ഞ് വരുന്നത് കണക്കിലെടുത്ത് മത്സ്യ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഉൾനാടൻ മത്സ്യകൃഷി വ്യാപകമാക്കുന്നതിനും അതിലൂടെ ശുദ്ധജല മത്സ്യങ്ങളുടെ ലഭ്യത ഉണ്ടാക്കിയെടുക്കുന്നതിനും എന്തെല്ലാം നടപടികളാണ് മത്സ്യവകുപ്പ് സ്വീകരിച്ച് വരുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (എ) | കാലാവസ്ഥാ വ്യതിയാനങ്ങളുടെയും മറ്റും ഭാഗമായി കടൽ മത്സ്യ സമ്പത്ത് കുറഞ്ഞുവരുന്നത് കണക്കിലെടുത്ത് സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി/ജനകീയ മത്സ്യകൃഷി പദ്ധതി, ഉൾനാടൻ ജല ആവാസ വ്യവസ്ഥ സംയോജിത മത്സ്യ വിഭവ പരിപാലനം, ജലവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും, കേരള റിസർവോയർ ഫിഷറീസ് വികസന പദ്ധതി, പിന്നാമ്പുറങ്ങളിലെ മത്സ്യ വിത്ത് ഉത്പാദന യൂണിറ്റ് തുടങ്ങിയ വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികളും, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യസമ്പദ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ മത്സ്യ കൃഷി പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ടി മത്സ്യകൃഷി രീതികൾക്ക് ആവശ്യമായ ഗുണമേന്മയുള്ള മത്സ്യ വിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി പുതിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ഹാച്ചറികളിലെ മത്സ്യ വിത്തുല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. വിശദാംശം **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

## <u>ഉൾനാടൻ മത്സ്യകൃഷി വ്യാപകമാക്കുന്നതിനും അതിലൂടെ ശുദ്ധജല മത്സ്യങ്ങളുടെ ലഭ്യത ഉണ്ടാക്കിയെടുക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം</u>

### <u>സംസ്ഥാനാവിഷ്കൃത പദ്ധതികൾ</u>

### 1. ജനകീയ മത്സ്യകൃഷി (JMK) പദ്ധതി

മത്സ്യകൃഷി രീതികളിലും മത്സ്യ ഇനങ്ങളിലുമുള്ള വൈവിദ്ധ്യവല്കരണം ഉൾപ്പെടുത്തി ഉൽപ്പാദന വർധനവിനായി വിഭാവനം ചെയ്ത ജനകീയ മത്സ്യ കൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 2023-25 വർഷം 71.2558 കോടി രൂപയുടെയും 2024-25 വർഷം 47.51 കോടി രൂപയുടെയും പദ്ധതികൾക്ക് അംഗീകാരം നൽകുകയും അതിൻ പ്രകാരം പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ഒരു നെല്ലും ഒരു മീനും, കാർപ്പ് മത്സ്യകൃഷി, കുളങ്ങളിലെ ചെമ്മീൻ/മത്സ്യ കൃഷി, നൂതന സാങ്കേതിക വിദ്യയായ ബയോഫ്ലോക്ക്, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS), കൂടുകളിലെ മത്സ്യകൃഷി തുടങ്ങിയവ നടപ്പിലാക്കി വരുന്നു. മത്സ്യകൃഷിക്ക് അനുയോജ്യമായതും എന്നാൽ നിലവിൽ തരിശ് കിടക്കുന്നതുമായ പൊതുജലയാശങ്ങൾ/തോടുകൾ/കനാലുകൾ എന്നിവ വൃത്തിയാക്കി പരിസ്ഥിതി സൗഹൃദ രീതിയിൽ തടയിണ കെട്ടിയും വലവളപ്പുകൾ നിർമ്മിച്ചും തദ്ദേശിയ മത്സ്യ വിത്ത് നിക്ഷേപിച്ച് ശാസ്ത്രീയ പരിപാലന മുറകളിലൂടെ പരിപാലനം നടത്തുന്നതിനായി എംബാങ്ക്മെന്റ് മത്സ്യ കൃഷിയും വലവളപ്പുകളിലെ കൃഷിയും നടപ്പിലാക്കുന്നു.

### 2. ജലവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും വഴി ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുക (Enhancement of Inland fish production by way of Conservation & Management of Aquatic resources)

ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത 7 ജലാശയങ്ങളിൽ (വാമനപുരം, അഷ്ടമുടി, വേമ്പനാട്, കരുവന്നൂർ-ചേറ്റുവ, കടലുണ്ടി, കുറ്റ്യാടി, ധർമടം-അഞ്ചരക്കണ്ടി) 2022 വർഷം മുതൽ പദ്ധതി നടപ്പിലാക്കുന്നു. പദ്ധതി പ്രകാരം പ്രതിവർഷം 164 ലക്ഷം തദ്ദേശീയ മത്സ്യങ്ങൾ, കാർപ്പ്, ചെമ്മീൻ വിത്തുകൾ നിക്ഷേപിക്കുകയും 41 മത്സ്യ/കക്ക സംരക്ഷിത പ്രദേശങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ജലവിഭവങ്ങളുടെ സംരക്ഷണത്തിനായി രൂപീകരിച്ച ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റ് പ്രകാരം ഉൾനാടൻ ജലാശയങ്ങളിൽ കായൽ പട്രോളിംഗ് നടത്തി നിയമ വിരുദ്ധ മത്സ്യബന്ധന മാർഗ്ഗങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു.

### 3. കേരള റിസർവോയർ ഫിഷറീസ് വികസന പദ്ധതി (Kerala Reservoir Fisheries Development Project)

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി റിസർവോയറുകളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് 12 റിസർവോയറുകളിൽ പ്രതിവർഷം 70-80 ലക്ഷം വരെ കാർപ്പ് /തദ്ദേശിയ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി മുൻവർഷം 80 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ

5000-ത്തോളം എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് തൊഴിലും വരുമാനവും നല്കാനും കഴിഞ്ഞിട്ടുണ്ട്.

## 4. വനാമി ചെമ്മീൻകൃഷി

സംസ്ഥാനത്ത് വനാമി ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2022-23 ലും 2023-24 ലും അഡാക് മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2022-23 പദ്ധതി പ്രകാരം 65.75 ഹെക്ടറിൽ നിന്നും 287.4 ടൺ ചെമ്മീനും 2023-24 പദ്ധതി പ്രകാരം 69.97 ഹെക്ടറിൽ നിന്നും 286.32 ടൺ ചെമ്മീനും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

## കേന്ദ്രാവിഷ്കൃത പദ്ധതി

## 1. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതി

2020-21 മുതൽ 2023-24 സാമ്പത്തിക വർഷം വരെ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി 219.61 കോടി രൂപ അടങ്കൽ തുക വരുന്ന പുതിയ കുളങ്ങളുടെ നിർമ്മാണം, ബയോ ഫ്ലോക്ക്, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS), ചെറുകിട അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, ഇടത്തരം അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, ഓരു ജലങ്ങളിലെ കൂടുകൃഷി തുടങ്ങിയ വിവിധ മത്സ്യകൃഷി പദ്ധതികളും നടപ്പിലാക്കി വരുന്നു.

കൂടാതെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 സാമ്പത്തിക വർഷം അഡാക് മുഖേന പത്തനംതിട്ട, കോഴിക്കോട്, വയനാട് ജില്ലകളിലെ കക്കി, പെരുവണ്ണാമൂഴി, കാരാപ്പുഴ, ബാണാസുരാസാഗർ എന്നീ ജലസംഭരണികളിൽ 400 കൂടുകളിലെ മത്സ്യ കൃഷിയ്ക്കായി Participatory Integrated Fisheries Development of selected Reservoirs in Kerala എന്ന പദ്ധതിയ്ക്ക് 16 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ഇതിന് പുറമേ 2021-22 വർഷം അഡാക് മുഖേന തിരുവനന്തപുരം, ഇടുക്കി, തൃശ്ശൂർ ജില്ലകളിലെ നെയ്യാർ, ഇടുക്കി, പീച്ചി ജലസംഭരണികളിൽ 300 കൂടുകളിലെ മത്സ്യ കൃഷിയ്ക്കായിParticipatory Integrated Fisheries Development of selected Reservoirs in Kerala Phase II എന്ന പദ്ധതിയ്ക്ക് 10.8180 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കി വരുകയും ചെയ്യുന്നു.